മാതൃഭൂമി

Mathrubhumi Seed — Student Empowerment for Environmental Development

In partnership with FEDERAL BANK

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ



2026

ജനുവരി 26

## ലോക പരിസ്ഥിതി വിദ്യാഭ്യാസദിനം

മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE
LEAF - 52 JANUARY 2026

# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ
Page 4

കാട്ടിലെക്കാര്യം
Page 5

കേരളം അറിയാൻ
Page 6

ചിറകുള്ള ചങ്ങാതിമാർ
Page 7

ഈ ഫോട്ടോ കാണാം
Page 8

കൃഷിക്കാര്യം
Page 9

സിനിമാപാട്ടിലെ പ്രകൃതി
Page 10

ഇത് അതിശയം തന്നെ
Page 11

തെറ്റ് ശരി
Page 12

ലോകം എങ്ങനെ
Page 13

പൂവറിവ്
Page 14

വർണച്ചിറക്
Page 15-16


Cover photo: Freepic




ജനുവരി 26

# ലോക പരിസ്ഥിതി വിദ്യാഭ്യാസ ദിനം

പരിസ്ഥിതിയെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ, പ്രത്യേകിച്ച് വിദ്യാർഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി അന്താരാഷ്ട്ര തലത്തിൽ ആചരിക്കുന്ന ദിനമാണിത്. പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തിരിച്ചറിയാനുള്ള കഴിവും അവ പരിഹരിക്കാനാവശ്യമായ അറിവും നൈപുണ്യവും വളർത്തിയെടുക്കുക എന്നതാണ് ഈ ദിനാചരണത്തിന്റെ പ്രധാന ലക്ഷ്യം. മരങ്ങൾ നട്ടുപിടിപ്പിക്കുന്നതുമാത്രമല്ല പരിസ്ഥിതിവിദ്യാഭ്യാസം. പ്രകൃതിവിഭവങ്ങൾ മിതമായി ഉപയോഗിക്കാനും ആഗോളതാപനംപോലുള്ള വെല്ലുവിളികളെ ശാസ്ത്രീയമായി നേരിടാനും ഓരോ വ്യക്തിയെയും പ്രാപ്തമാക്കുക എന്നതാണ് ലക്ഷ്യം. പരിസ്ഥിതിയെ സംരക്ഷിക്കുന്നത് വരുംതലമുറകളോടുള്ള നമ്മുടെ കടമയാണെന്ന് ഈ ദിനം നമ്മെ ഓർമ്മിപ്പിക്കുന്നു.

എഡിറ്റോറിയൽ

# നാളത്തെ ദാഹത്തിന് ഇന്നത്തെ കരുതൽ



2026 ജനുവരിയിലെ കുളിർമയുള്ള പുലരികൾക്കിടയിലും ഗൗരവമുള്ള ഒരു ചോദ്യം നമുക്ക് മുന്നിലുണ്ട്: നമ്മുടെ നാട്ടിലെ കിണറുകളിലും പുഴകളിലും ഇനി എത്രകാലം തെളിനീരുണ്ടാകും? കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിലുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനം, നാം നേരിട്ട് കണ്ടുകൊണ്ടിരിക്കുകയാണ്. അപ്രതീക്ഷിതമായ പ്രളയങ്ങളും കഠിനമായ വരൾച്ചയും നമ്മുടെ നാടിന്റെ സ്വഭാവമായി മാറിക്കഴിഞ്ഞു. കേരളം ദൈവത്തിന്റെ സ്വന്തം നാടായി തുടരണമെങ്കിൽ ഇവിടത്തെ വെള്ളവും പച്ചപ്പും നിലനിൽക്കണം. പരിസ്ഥിതിസംരക്ഷണം എന്നത് വെറുമൊരു പ്രസംഗവിഷയമല്ല, അത് നമ്മുടെ ജീവിതശൈലിയായിമാറണം. നമുക്ക് ചുറ്റുമുള്ള ഓരോ മരവും ഓരോ തുള്ളി വെള്ളവും നമ്മുടെ നിലനിൽപ്പിന്റെ ആധാരമാണെന്ന് തിരിച്ചറിഞ്ഞ് പ്രവർത്തിക്കാനുള്ള തീരുമാനം ഈ പുതുവർഷത്തിലും നമുക്ക് പുതുക്കാം.




കാട് ഭൂമിയുടെ ശ്വാസകോശമാണ്. മനുഷ്യനും മറ്റ് ജീവജാലങ്ങളും ശ്വസിക്കുന്ന ശുദ്ധവായു കാടിന്റെ അമൂല്യമായ സമ്മാനമാണ്. മരങ്ങൾ കാർബൺ ഡയോക്സൈഡ് ആഗിരണംചെയ്ത് ഓക്സിജൻ നൽകുന്നതിനാൽ ഭൂമിയുടെ ശ്വാസം നിലനിൽക്കുന്നു. എന്നാൽ, വനനശീകരണവും നഗരവത്കരണവും ശ്വാസംമുട്ടിക്കുന്ന അവസ്ഥ ഉണ്ടാക്കുന്നു. ഇതിന്റെ ഫലമായി കാലാവസ്ഥാവ്യതിയാനവും അതിലൂടെ പ്രളയം, വരൾച്ച തുടങ്ങിയ പ്രശ്നങ്ങളും വർധിക്കുന്നു. കാടുകൾ സംരക്ഷിക്കുന്നത് ജീവിതം സംരക്ഷിക്കുന്നതിന് തുല്യമാണ്. അതിനാൽ, വൃക്ഷത്തൈ നട്ടുപിടിപ്പിക്കുകയും പ്രകൃതിയെ മാനിക്കുകയും ചെയ്ത് നാം ഭൂമിയുടെ ശ്വാസം കാത്തുസൂക്ഷിക്കണം.

സിയ സി.എച്ച്.
അജാനൂർ ക്രസന്റ് ഇംഗ്ലീഷ് സ്കൂൾ
കാസർകോട്

കേരളം അറിയാൻ



# കേരളത്തിന്റെ കാവലാളുകൾ

നമ്മുടെ നാടിന് കാവൽ നിൽക്കുന്ന മലനിരകളാണ് പശ്ചിമഘട്ടം. മേഘങ്ങളെ ചുമലിലേറ്റി നിൽക്കുന്ന ഈ മലനിരകളാണ് നമുക്ക് മഴ നൽകുന്നത്. അതുപോലെതന്നെ കേരളത്തിന്റെ ജീവരക്തമാണ് ഇവിടത്തെ പുഴകൾ. എന്നാൽ, ഇന്ന് വനനശീകരണംകാരണം മഴയും മണ്ണും നമ്മോട് വിമുഖത കാട്ടിത്തുടങ്ങിയിരിക്കുന്നു. കാടുകൾ വെട്ടിനശിപ്പിക്കുമ്പോൾ പ്രകൃതിയുടെ താളംതെറ്റുന്നു. മനുഷ്യന്റെ പിഴവുകൾകാരണം മുൻകാലങ്ങളിൽ പാട്ടുപാടി ഒഴുകിയിരുന്ന പുഴകൾ ഇന്ന് കരച്ചിലിന്റെ വക്കിലാണ്. പുഴകളിൽനിന്നുള്ള അനിയന്ത്രിതമായ മണൽവാരൽ കേരളത്തിന്റെ ജീവനാഡികളെ മുറിപ്പെടുത്തുന്നു. അതുപോലെതന്നെ വയലുകൾ നികത്തി വലിയ കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമിക്കുമ്പോൾ നമുക്ക് നഷ്ടപ്പെടുന്നത് അന്നം തരുന്ന മണ്ണും നമ്മുടെ ആത്മാവുമാണ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഭൂമിയെ ശ്വാസംമുട്ടിക്കുന്നു. നാം വരുത്തിവയ്ക്കുന്ന ഈ പിഴവുകൾകാരണമാണ് പ്രളയംപോലുള്ള ദുരന്തങ്ങൾ നമുക്ക് മുന്നറിയിപ്പുമായിവരുന്നത്. പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. വെറും വാക്കുകളിലല്ല, മറിച്ച് പ്രവൃത്തിയിലാണ് അത് കാണിക്കേണ്ടത്. ഓരോ മരവും ഓരോ തുള്ളി വെള്ളവും സംരക്ഷിക്കപ്പെടുമ്പോൾമാത്രമേ നാടിന്റെ ഭാവി സുരക്ഷിതമാകൂ. പച്ചപ്പ് നിലനിൽക്കുമ്പോഴേ നാടും നാമും നിലനിൽക്കൂ എന്ന സത്യം നാം തിരിച്ചറിയണം.

കാശിനാഥ്
ജി.യു.പി.എസ്. പൊന്മുടി
തിരുവനന്തപുരം



Photo: Azeez Mahe

# പനങ്കാക്ക

പനങ്കാക്ക എന്ന് അറിയപ്പെടുന്ന Indian Roller, വർണ വൈവിധ്യമുള്ള ഒരു പക്ഷിയാണ്. കേരളം ഉൾപ്പെടെ ദക്ഷിണേഷ്യയിലുടനീളം ഇവ കാണപ്പെടുന്നു. ഇതിന്റെ ശാസ്ത്രനാമം Coracias benghalensis എന്നാണ്. മലയാളത്തിൽ ഇത് നീലക്കാക്കയെന്നും അറിയപ്പെടുന്നു. വർണാഭമായ ചിറകുകൾ വിടർത്തിയുള്ള അവയുടെ പറക്കൽ വളരെ ആകർഷകമാണ്.

തനിഷി എ.
ഓക്സിലിയം നവജ്യോതി സ്കൂൾ
കുന്ദമംഗലം

ഈ ഫോട്ടോ കാണാം

# കുന്തിപ്പുഴ
# പാലക്കാട്




മാതൃഭൂമി ആകാശപ്പച്ച
2026 ജനുവരി

അതുല്യ വി.കെ.
ജി.യു.പി.എസ്. ഭീമനാട്
പാലക്കാട്

# ഉള്ളിത്തൊലി കൊണ്ടൊരു ജൈവകീടനാശിനി



**നമ്മൾ വലിച്ചെറിയുന്ന ഉള്ളിത്തൊലി ചെടികൾക്ക് മികച്ചൊരു വളവും കീടനാശിനിയുമാണെന്ന് അറിയാമോ?**

ഒരുപിടി ഉള്ളിത്തൊലി ഒരുലിറ്റർ വെള്ളത്തിൽ 24 മണിക്കൂർ കുതിർത്തുവയ്ക്കുക. അതിനുശേഷം ആ വെള്ളം അരിച്ചെടുത്ത് ചെടികളുടെ ചുവട്ടിൽ ഒഴിച്ചുകൊടുക്കാം. ഇതിലടങ്ങിയിരിക്കുന്ന പൊട്ടാസ്യം, ചെടികൾ വേഗത്തിൽ വളരാനും പൂവിടാനും സഹായിക്കുന്നു. കൂടാതെ, ഇതിന്റെ രൂക്ഷഗന്ധം ചെടികളിലെ മുഞ്ഞ, ഉറുമ്പ് എന്നിവയെ അകറ്റുകയുംചെയ്യും.

സാരംഗ് എൻ.എസ്.
ആർ.എം.എച്ച്.എസ്.എസ്., ആളൂർ
തൃശ്ശൂർ

സിനിമാപാട്ടിലെ പ്രകൃതി


# സുന്ദരഭൂമി

*"പവിഴമല്ലി പൂത്തുലഞ്ഞ നീലവാനം*
*പ്രണയവല്ലി പുഞ്ചിരിച്ച ദിവ്യയാമം*
*പൂക്കളും പുഴകളും*
*പൂങ്കിനാവിൻ ലഹരിയും ഭൂമി സുന്ദരം"*

ഈ സിനിമാഗാനം പ്രകൃതിയുടെ സുന്ദരമായ ലാളിത്യവും മനുഷ്യഹൃദയത്തിന്റെ നിഷ്കളങ്ക വികാരങ്ങളും ഒരുപോലെ അവതരിപ്പിക്കുന്നു. പവിഴമല്ലിപ്പൂവ് ഈ ഗാനത്തിൽ സ്നേഹത്തിന്റെയും സൗന്ദര്യത്തിന്റെയും പ്രതീകമാണ്. പൂത്തുലഞ്ഞ പ്രകൃതി, ജീവിതത്തിലെ പുതുമയെയും പ്രതീക്ഷകളെയും സൂചിപ്പിക്കുന്നു. കാറ്റിന്റെ താളവും വെളിച്ചത്തിന്റെ മൃദുലതയും പച്ചപ്പിന്റെ ശാന്തതയും ഗാനത്തിലെ ഓരോ നിമിഷത്തിലും അനുഭവപ്പെടുന്നു. പൂക്കളുടെ നിറങ്ങളും സുഗന്ധവും എന്നും മനസ്സിൽ സന്തോഷം നിറയ്ക്കുന്ന ഒന്നാണ്. മനുഷ്യജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ സുന്ദരമായ ഈ ഭൂമിയിലേക്ക് നമ്മെ കൂടുതൽ അടുപ്പിക്കുന്നതാണ് ഈ ഗാനം.

ഗാനരചന:
സംഗീതം:
സിനിമ:

അക്സ മറിയം മാത്യു
പി.എം.എസ്.എ.വി.എച്ച്.എസ്.എസ്.
ചാപ്പനങ്ങാടി, മലപ്പുറം



## ഇത് അതിശയം തന്നെ

# കാവുകൾ

കേരളത്തിലെ പുണ്യവനങ്ങൾ അഥവാ കാവുകൾ പ്രകൃതിയുടെ ക്ഷേത്രങ്ങൾതന്നെയാണെന്ന് പറയാം. അവിടെ ജൈവവൈവിധ്യവും പാരമ്പര്യവും പരസ്പരം കൈകോർത്ത് സംരക്ഷിക്കപ്പെടുന്നു. തുളസി, വേപ്പ്, നെല്ലി  തുടങ്ങിയ ഔഷധസസ്യങ്ങളും അതുമായി ബന്ധപ്പെട്ട ആചാരങ്ങളും സമൂഹനേതൃത്വത്തിൽ സംരക്ഷിക്കപ്പെടുന്നുവെന്നതാണ് കാവുകളുടെ സവിശേഷത. പലതരം പക്ഷികളെയും പൂമ്പാറ്റകളെയും തേനീച്ചപോലുള്ള പ്രാണികളെയും പച്ചപ്പ് നിറഞ്ഞ ഈ പരിസ്ഥിതിയിൽ കാണാൻകഴിയും എന്നതും ശ്രദ്ധേയമാണ്.

ഡോ. രാജേഷ് മേനോൻ ഇ.
അധ്യാപകൻ
ഭവൻസ് വിദ്യാമന്ദിർ,
എരൂർ, എറണാകുളം




തെറ്റ് ശരി

# ഓന്ത് നിറം മാറുമോ

ഓന്തുകൾക്ക് നിറംമാറാനുള്ള കഴിവുണ്ട് എന്നത് സത്യമാണെങ്കിലും ഇതേക്കുറിച്ച് പലർക്കും തെറ്റായ ചില ധാരണകളുണ്ട്. മിക്കവരും കരുതുന്നത് ഓന്തുകൾ ശത്രുക്കളിൽനിന്ന് രക്ഷപ്പെടാൻ ചുറ്റുപാടുമായി ഒത്തുപോകാനാണ് നിറം മാറുന്നത് എന്നാണ്. എന്നാൽ ശാസ്ത്രീയമായി ഇതിന് രണ്ട് പ്രധാന കാരണങ്ങളാണ് പറയുന്നത്. ഓന്തുകൾ അവയുടെ ദേഷ്യം, പേടി, അല്ലെങ്കിൽ ഇണയെ ആകർഷിക്കാനുള്ള താത്പര്യം എന്നിവ പ്രകടിപ്പിക്കാനാണ് പ്രധാനമായും നിറംമാറുന്നത്. ശരീരതാപനില നിയന്ത്രിക്കാനും നിറം മാറാറുണ്ട്. തണുപ്പുള്ളപ്പോൾ കൂടുതൽ താപം ആഗിരണംചെയ്യാൻ അവ ഇരുണ്ടനിറമാകുകയും ചൂടുള്ളപ്പോൾ താപം പ്രതിഫലിപ്പിക്കാൻ ഇളംനിറമാകുകയും ചെയ്യുന്നു. ഓന്തുകളുടെ ചർമത്തിനടിയിൽ ക്രോമാറ്റോഫോറുകൾ എന്നറിയപ്പെടുന്ന പ്രത്യേക കോശങ്ങളുണ്ട്. ഈ കോശങ്ങളിൽ ചുവപ്പ്, മഞ്ഞ, കറുപ്പ് തുടങ്ങിയ വർണവസ്തുക്കൾ അടങ്ങിയിരിക്കുന്നു. പ്രകാശത്തെ പ്രതിഫലിപ്പിക്കുന്ന സ്ഫടികസമാനമായ നാനോ ക്രിസ്റ്റലുകളും അവയുടെ ചർമത്തിലുണ്ട്. ഈ കോശങ്ങൾ വികസിക്കുകയോ ചുരുങ്ങുകയോ ചെയ്യുമ്പോഴാണ് ശരീരത്തിന്റെ നിറം മാറുന്നത്. എല്ലാ ഓന്തുകൾക്കും എല്ലാ നിറത്തിലേക്കും മാറാൻകഴിയില്ല. ഓരോ വർഗത്തിൽപ്പെട്ട ഓന്തുകൾക്കും മാറാൻകഴിയുന്ന നിറങ്ങൾക്ക് പരിധിയുണ്ട്.

തമീസ
വി.എം.എച്ച്.എസ്. എരുമേലി
കോട്ടയം

# ക്ഷയിക്കുന്ന ജലസ്രോതസ്സുകൾ



Photo: Jayesh P.

ലോകം ഇന്ന് കാലാവസ്ഥാവ്യതിയാനംപോലുള്ള വലിയ വിഷയങ്ങൾ ശ്രദ്ധിക്കുമ്പോൾ, ജലസ്രോതസ്സുകളുടെ ക്ഷയം എന്ന പ്രശ്നം അത്ര ഗൗരവത്തോടെ പരിഗണിക്കപ്പെടുന്നില്ല. കുളങ്ങൾ, നദികൾ, ചതുപ്പുകൾ എന്നിവ മാലിന്യനിക്ഷേപവും അനിയന്ത്രിത നിർമാണപ്രവർത്തനങ്ങളുംമൂലം നശിച്ചുപോകുകയാണ്. ഇതിന്റെ ഫലമായി ശുദ്ധജലക്ഷാമം വർധിക്കുകയും ജലജീവികൾ ഇല്ലാതാകുകയും ചെയ്യുന്നു. മനുഷ്യജീവിതത്തിനും കൃഷിക്കും അനിവാര്യമായ ജലം സംരക്ഷിക്കാൻ മഴവെള്ളശേഖരണം, ജലസ്രോതസ്സുകളുടെ ശുചീകരണം, പൊതുജനബോധവത്കരണം എന്നിവയ്ക്ക് ലോകം കൂടുതൽ പ്രാധാന്യം നൽകേണ്ടതാണ്.

ലീന വർഗീസ്
കെ.ഇ.യു.പി. സ്കൂൾ പുളിയൻമല
ഇടുക്കി

പൂവറിവ്



# അഗത്തി ചീര

ഫാബേസി എന്ന സസ്യകുടുംബത്തിൽപ്പെട്ട ഒരു ചെറുമരത്തിൽ ഉണ്ടാകുന്നതാണ് അഗത്തി പൂവ്. സംസ്കൃതത്തിൽ അഗസ്ഥി, മുനിദ്രുമം, വംഗസേന എന്നീ പേരുകളിൽ അറിയപ്പെടുന്നു. സാധാരണമായി വെള്ള, ചുവപ്പ് എന്നീ നിറങ്ങളിലാണ് ഈ പൂവ് കാണപ്പെടുന്നത്. ഇലയും പൂവും ആഹാരമായും ഔഷധമായും ഉപയോഗിക്കുന്നു. തെക്കുകിഴക്കൻ ഏഷ്യയിൽ ചില പ്രദേശങ്ങളിൽ കാണപ്പെടുന്ന ഈ സസ്യം നേത്രരോഗങ്ങൾ ശമിപ്പിക്കാനും കുട്ടികളുടെ എല്ലുകളുടെ വളർച്ചയ്ക്കും നല്ലതാണ്. വേരും തൊലിയും ഇളം കായും ഔഷധയോഗ്യമാണ്.

നവനീത് അനൂപ്
ശ്രീ വിജയാനന്ദ വിദ്യാലയ,
നാൽക്കാലിക്കൽ കിടങ്ങന്നൂർ,
പത്തനംതിട്ട

വർണച്ചിറക്

കവിത




എങ്ങോ മറഞ്ഞിട്ടും
സ്വപ്നത്തെ കണ്ടു ഞാൻ
ഏതോ വഴിത്താരയിൽ വീണ്ടും.
നിന്റെയീ കർമത്തിൻ
പാപം ചുമക്കുവാൻ
നാളെതൻ മക്കൾക്കാകുമോ?
കളകളമൊഴുകിയ പുഴയുടെ
കിളിനാദം കേൾക്കുവാനാകുമോ
ഇനിയൊരു നാൾ?
പാടവരമ്പിലൂടെ കതിർ കണ്ട്
പോകുവാനാകുമോ?
കാടിന്റെ ഹൃത്തിനെ കീറിമുറിച്ചിട്ട്
വീണ്ടും തിരയുന്നതെന്തു നീ മർത്ത്യാ?
നിന്നെയും തേടി, നിന്നടുത്തേക്ക്
ഇന്നിതാ കാടിന്റെ മക്കൾ മലയിറങ്ങുന്നു
നിൽക്കുന്ന നിൽപ്പിൽ കാൽച്ചുവട്ടിലെ
മണ്ണിതാ പോകുന്നു സോദരരേ
എന്നിട്ടും എന്തേ നിങ്ങൾ മറക്കുന്നു
നമ്മുടെ അമ്മയെ, ഈ പ്രകൃതിയെ?

ധന കൃഷ്ണ
ജി.യു.പി.എസ്. നിലമേൽ
കൊല്ലം



# പച്ചയായ നാളെ

ആദ്യമായി പൊന്മുടി കാണാൻ എത്തിയതാണ് കുട്ടൻ. മഴമേഘങ്ങൾ തലോടുന്ന പ്രഭാതം. മൂടൽമഞ്ഞിനുള്ളിലൂടെ പച്ചക്കാടുകൾ ചിരിച്ചുനിന്നു. മലകയറുമ്പോൾ ഒരു പഴയ കല്ലിന് മുകളിൽ ഇരുന്ന് വയസ്സായ ഒരു വൃക്ഷം അവനെ വിളിച്ചു. "കുട്ടാ... ഞാൻ നൂറുവർഷം മഴ കാത്തുവളർന്നവനാണ്. എന്നെ നിലനിർത്തുമ്പോഴാണ് നദികളും വയലുകളും ജീവിക്കുന്നത്." കുട്ടൻ തലയാട്ടി. അല്പം മുന്നോട്ടുനടന്നപ്പോൾ ഒരു ചെറുതോട് പതുക്കെ പാടുകയായിരുന്നു. "ഞാൻ ഇവിടെ ജനിച്ച് താഴേക്കിറങ്ങി ആയിരങ്ങൾക്ക് കുടിവെള്ളമാകുന്നു. പക്ഷേ, പ്ലാസ്റ്റിക് എന്നെ ശ്വാസംമുട്ടിക്കുന്നു." കുട്ടൻ കുറ്റബോധത്തോടെ ചുറ്റും നോക്കി. അനിയന്ത്രിത ടൂറിസവും മാലിന്യവും പൊന്മുടിയുടെ മൗനവേദനയാണ്. മേഘങ്ങൾ മാറി, ഒരു ശലഭക്കൂട്ടം പറന്നുവന്നു. അവ പറഞ്ഞു: "ഇവിടെ ഞങ്ങൾ അപൂർവരാണ്. ഈ കാടുകൾ ഇല്ലെങ്കിൽ ഞങ്ങൾക്ക് പേരുപോലുമുണ്ടാകില്ല." പൊന്മുടിയിലെ ജൈവവൈവിധ്യ ആഴം കുട്ടന്റെ മനസ്സിൽ ഉറച്ചു. അപ്പോൾ മലയിൽ ഒരു ചെറിയ മണ്ണിടിച്ചിലിന്റെ പാടുകൾ കണ്ടു. മല പറഞ്ഞു: "മഴയെ കുറ്റപ്പെടുത്തരുത്, മനുഷ്യന്റെ അതിക്രമങ്ങളാണ് എന്നെ തളർത്തുന്നത്." തിരികെ പോകുമ്പോൾ കുട്ടൻ ഒരു പ്ലാസ്റ്റിക് കുപ്പി എടുത്ത് തന്റെ ബാഗിൽ വെച്ചു. എന്നിട്ട് മനസ്സിൽ കുറിച്ചു: 'പച്ചയായ ഒരു നാളെയായി.'

വിസ്മിത
ജി.യു.പി.എസ്. പൊന്മുടി
തിരുവനന്തപുരം




Published by Mathrubhumi Seed